# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം. 828** **05.02.2020-ൽ മറുപടിയ്ക്ക്**

**പരിയാരത്ത് തീയേറ്റർ സമുച്ചയം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.വി. രാജേഷ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജിനടുത്ത് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അൻപത് സെന്റ് ഭൂമി അനുവദിച്ച സ്ഥലത്ത് തീയേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കിഫ്ബിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ കേരളത്തിലുടനീളം സിനിമാ തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 10 സ്ഥലങ്ങൾ തിരഞ്ഞെടുക്കുകയും പ്രസ്തുത സ്ഥലങ്ങളിൽ തീയേറ്റർ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. പ്രസ്തുത തിയേറ്റർ നിർമ്മാണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 100 കോടി രൂപ കൂടി കിഫ്ബിയിൽ നിന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കുകയാണെങ്കിൽ കല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് തിയേറ്റർ നിർമ്മാണ സാധ്യത വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ